# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2401**. **07-10-2016 ൽ മറുപടിയ്ക്ക്**

## നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധമേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനു പുറമെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.<br>**1. സുസ്ഥിര നെൽകൃഷി വികസനം-**<br>2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

**2. വികസന ഏജൻസികൾ ക്കുള്ള ഫണ്ട്-**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**

പ്രത്യേക നെല്ലിനങ്ങളായ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷി പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

**5. കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

**6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു

| | | | |
|---|---|---|---|
| | | | വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.<br><br>**8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം) -**<br>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>**9.** ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.<br>**10.** തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000/- രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട (റാണികായൽ, മെത്രാൻ കായൽ, ആറന്മുള കായൽ) കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ തുടങ്ങിയ വിവിധ ജില്ലകളിലായി ആകെ 2105.87 ഹെക്ടറിൽ നെൽകൃഷി പുനരുജ്ജീവനത്തിനുള്ള നടപടികൾ വകുപ്പ് തലത്തിൽ പുരോഗമിച്ചുവരുന്നു. ഇതിനും പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. |
| (ബി) | നെൽകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ പാരിസ്ഥിതിക അനിവാര്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴാതെ സൂക്ഷിക്കുന്നതിനും നെൽവയലുകൾ നിലനിർത്തേണ്ടതും അതിൽ നെൽകൃഷി തന്നെ ചെയ്യേണ്ടതും അനിവാര്യമാണ്. |
| (സി) | കൂടുതൽ വരുമാനമുള്ള മേഖലയായി നെൽകൃഷിയെ മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | 2016-2017 ബജറ്റ് പ്രഖ്യാപനത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിലെ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ-പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നെല്ലിനെ ബാധിക്കുന്ന കീടങ്ങളെ | (ഡി) | ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ |

| | | | |
|---|---|---|---|
| | നിയന്ത്രിക്കുന്നതിന് ഫലപ്രദമായ ജൈവ കീടനാശിനികളെ കർഷകർക്കു ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ? | | പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോകൺട്രോൾ ലാബ്, ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കെ.സി.പി.എം., വിവിധ ജില്ലകളിലെ പാരസെറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ വഴി ജൈവീക കീട രോഗ നിയന്ത്രണോപാധികളായ സീഡോമോണാസ്, ട്രൈക്കോഡെർമ, ട്രൈക്കോകാർഡ്സ്, പരാദ പ്രാണികൾ എന്നിവ ഉല്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷിഭവൻ മുഖേനയും ലഭ്യമാക്കിവരുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഇവ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനം കർഷകർക്കും എസ്.എച്ച്.ജി. പോലുള്ള ഗ്രൂപ്പുകൾക്കും നൽകിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകൾവഴിയും വിവിധ പദ്ധതികൾവഴിയും ഇവ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ